**ജില്ലാ കളക്ടർ& ചെയർമാൻ ഡി ഡി എം എയുടെ നടപടിക്രമം**

**(സാന്നിദ്ധ്യം. Dr. അദീല അബ്ദുള്ള ഐ എ എസ്)**

വിഷയം. കോവിഡ് 19 – വ്യാപനം തടയുന്നത്-വള്ളിയൂർക്കാവ് ഉത്സവം- സംബന്ധിച്ച്

**ഡിഎം 1. 2909 /2020, തീയ്യതി 13/03 /2020**

ഇന്ത്യയിൽ 81 ആളുകൾക്ക് ഇതുവരെ കൊറോണ സ്ഥിരീകരിച്ചിട്ടുണ്ട്. കൂടാതെ കർണാടക സംസ്ഥാനത്ത് ഒരാൾ കോറോണ വൈറസ് ബാധിച്ച് മരണപെടുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ല കർണാടകവുമായി അതിർത്തി പങ്കിടുന്ന സാഹചര്യത്തിൽ ജില്ലയിൽ നിലവിലുള്ള നിരീക്ഷണസംവിധാനം ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ് .

ഈ സാഹചര്യത്തിൽ വയനാട് ജില്ലയിലെ അന്തർ സംസ്ഥാന അതിർത്തികളിൽ വയനാടിലേക്ക് വരുന്ന യാത്രക്കാരെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന നടത്തേണ്ടതുണ്ട്. പ്രാരംഭ ഘട്ടത്തിൽ മൈസൂർ സുൽത്താൻ ബത്തേരി റോഡിലെ മുത്തങ്ങ ചെക്ക്പോയിന്റിലും,മാനന്തവാടി കുടക് റോഡിലെ തോൽപ്പെട്ടിയിലെ ചെക്ക്പോയിന്റിലും അടിയന്തിരമായി മെഡിക്കൽ ടീമിനെ സജ്ജമാക്കേണ്ടതിനും, ആവശ്യമായ പരിശോധന നടത്തേണ്ടതിനും ജില്ലാ മെഡിക്കൽ ഓഫിസറെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. ഇത്തരത്തിൽ നിയോഗിക്കപെടുന്ന ടീമുകൾ, മുഴുവൻ യാത്രാ-ചരക്ക് വാഹനങ്ങളിലെ ആളുകളെ ഗൈഡ് ലൈൻ അനുസരിച്ച് പരിശോധിക്കേണ്ടതാണ്.

ഇത്തരത്തിൽ മെഡിക്കൽ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിന് മറ്റ് വകുപ്പുകളുടെ വിഭവങ്ങളും ആവശ്യമെങ്കിൽ ജില്ലാ മെഡിക്കൽ ഓഫിസർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. മുത്തങ്ങ, തോൽപ്പെട്ടി എന്നിവിടങ്ങളിലെ ചെക്ക്പോസ്റ്റുകളിൽ പോലിസ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളോട് ചേർന്ന് ചെയ്യേണ്ടതാണ്. ഇതിനായി പോലീസ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പുകളുടെ ജില്ലാ മേധാവികൾ ചെക്പോസ്റ്റുകളിൽ നിർദ്ദേശം നല്കേണ്ടതാണ്.

ജില്ലാ കലക്ടർ & ചെയർമാൻ ദുരന്തനിവാരണ അതോറിറ്റി
വയനാട്

13/3/2020

13/3/2020

പകർപ്പ്

ജില്ലാ മെഡിക്കൽ ഓഫിസർ

ജില്ലാ പോലിസ് മേധാവി

ഡെ.കമ്മീഷണർ, എക്സൈസ് വകുപ്പ്

റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസർ

ജില്ലാ ഇൻഫർമേഷൻ ഓഫിസർ